# ‘ജനകീയാസൂത്രണം’ മറന്നുപോയ തെരഞ്ഞെടുപ്പ് കാലം

**കേരളം** വീണ്ടും ഒരു തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുകയാണല്ലോ. 1996 ആഗസ്റ്റ് 17ന് ആരംഭിച്ച ജനകീയാസൂത്രണ പ്രസ്ഥാനം കാൽനൂറ്റാണ്ട് പിന്നിടുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന ഈ തെരഞ്ഞെടുപ്പിന് രാഷ്ട്രീയപരമായി ഏറെ പ്രസക്തിയുണ്ട്. കഴിഞ്ഞ 25 വർഷത്തിനിടയിൽ അധികാര വികേന്ദ്രീകരണം കേരളത്തിന്റെ അടിസ്ഥാനതല ജനാധിപത്യപ്രക്രിയയെ എത്രമാത്രം ശക്തിപ്പെടുത്തി എന്നതിന്റെ ഒരു വിലയിരുത്തൽ കൂടിയായി മാറേണ്ടതാണ് ഈ തെരഞ്ഞെടുപ്പ്. സ്വയംഭരണ കേന്ദ്രങ്ങളായി തദ്ദേശഭരണ സ്ഥാപനങ്ങളെ മാറ്റിത്തീർക്കുന്നതരത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനം അതിന്റെ ലക്ഷ്യങ്ങൾ സഫലീകരിച്ചിട്ടുണ്ടോ എന്നും പരിശോധിക്കപ്പെടേണ്ടതുണ്ട്. എന്നാൽ കേരളത്തിൽ ഇപ്പോൾ നടക്കുന്ന തെരഞ്ഞെടുപ്പ് പ്രചാരണങ്ങളിലും സംവാദങ്ങളിലും അധികാര വികേന്ദ്രീകരണത്തിന്റെ ഫലപ്രാപ്തിയോ ജനപങ്കാളിത്ത ഭരണത്തിന്റെ പ്രാധാന്യമോ ഒരു വിഷയമായി കടന്നുവരുന്നതേയില്ല എന്നത് തീർത്തും നിരാശാജനകമാണ്. തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ സജീവമായി പങ്കുചേരുന്ന കേരളത്തിലെ ഇടത്-വലത് മുന്നണികൾക്കും ബി.ജെ.പി അടക്കമുള്ള എൻ.ഡി.എ ഘടക കക്ഷികൾക്കും അധികാര വികേന്ദ്രീകരണ പ്രക്രിയ ലക്ഷ്യത്തിലെത്തിയിട്ടുണ്ടോ എന്ന അന്വേഷണം അത്ര പ്രധാനപ്പെട്ട തെരഞ്ഞെടുപ്പ് അജണ്ടയല്ല എന്നതാണ് സത്യം. വരാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ സംസ്ഥാന ഭരണം നിലനിർത്താനാകുമോ അതോ പിടിച്ചെടുക്കാനാകുമോ എന്ന് പരിശോധിക്കുന്നതിനുള്ള ഒരു ബലപരീക്ഷണശാല എന്ന നിലയിലാണ് ഈ രാഷ്ട്രീയ കക്ഷികൾ തദ്ദേശഭരണ തെരഞ്ഞെടുപ്പിനെ കാണുന്നത്. സംസ്ഥാന സർക്കാരിന്റെ വിലയിരുത്തലാകും തെരഞ്ഞെടുപ്പെന്ന് ഭരണപക്ഷവും പ്രതിപക്ഷവും ഒരുപോലെ പറയുന്നു. കോവിഡ് കാലത്ത് എല്ലാവർക്കും കിറ്റ് കൊടുത്തതും ക്ഷേമ പെൻഷൻ കൃത്യമായി വിതരണം ചെയ്തതുമാണ് എൽ.ഡി.എഫ് ഇലക്ഷൻ പ്രചാരണത്തിൽ മുഴച്ചു നിൽക്കുന്നത്. പ്രതിപക്ഷത്തിന്റെ അജണ്ടകളും ഇതേ നിലയിൽ തന്നെയാണുള്ളത്. നയതന്ത്ര ചാനലുകൾ ഉപയോഗിച്ച് നടത്തിയതായി അന്വേഷണ ഏജൻസികൾ കണ്ടെത്തിയ സ്വർണ്ണക്കടത്തും അതിലെ പ്രതികൾക്ക് മുഖ്യമന്ത്രിയുടെ ഓഫീസുമായുള്ള ബന്ധവുമാണ് പ്രതിപക്ഷത്തിന്റെ മുഖ്യ ഇലക്ഷൻ പ്രചാരണം. പ്രതിപക്ഷവും മാദ്ധ്യമങ്ങളും നിർമ്മിച്ചെടുത്ത കേവലം രാഷ്ട്രീയ പ്രചാരണങ്ങളല്ല ആ കേസുകളെങ്കിലും തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ അത് ഒരു മുഖ്യ കാമ്പയിൻ വിഷയമായി മാറുന്നത് ഈ തെരഞ്ഞെടുപ്പിനെ സംസ്ഥാന ഇലക്ഷനിലേക്കുള്ള ഒരു ചവിട്ടുപടിയായി കാണുന്നതുകൊണ്ടുതന്നെയാണ്.

ജനകീയാസൂത്രണത്തിന്റെ 25 വർഷങ്ങളെ വിശകലന വിധേയമാക്കുമ്പോൾ പഞ്ചായത്തീരാജ് നിയമം വിഭാവനം ചെയ്തതരത്തിൽ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറെക്കുറെ ശക്തിപ്പെട്ടതായാണ് കേരളത്തിന്റെ അനുഭവം. രണ്ട് പ്രളയകാലങ്ങളും കോവിഡ് പ്രതിസന്ധിയുടെ കഴിഞ്ഞ നാളുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആ ശക്തി നമുക്ക് ബോധ്യപ്പെടുത്തിയ രണ്ട് സന്ദർഭങ്ങളായിരുന്നു. പ്രളയവും മഹാമാരിയും സൃഷ്ടിച്ച സ്തംഭനാവസ്ഥയിലും ക്രിയാത്മകമായി ഇടപെടാനും മനുഷ്യവിഭവശേഷിയെ കൃത്യമായി ക്രോഡീകരിക്കാനും ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കഴിഞ്ഞു. 2018-19 വർഷങ്ങളിൽ മഴക്കെടുതികൾ രൂക്ഷമായി ബാധിച്ച പ്രദേശങ്ങളിലെല്ലാം പൊതുസമൂഹത്തിന്റെ പങ്കാളിത്തത്തോടെ രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളും ഏകോപിപ്പിച്ചത് തദ്ദേശഭരണ സ്ഥാപനങ്ങളായിരുന്നു. അതുപോലെ കോവിഡ് കാലത്ത് പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട സേവനങ്ങൾ ജനങ്ങളിലേക്ക് കൃത്യമായി എത്തിക്കുന്നതിനും ലോക്ഡൗൺ സൃഷ്ടിച്ച പലതരം പ്രതിസന്ധികളെ മറികടക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ കേരളത്തിലെമ്പാടും ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് നടത്തിയത്. പ്രത്യേകിച്ച് അതിഥി തൊഴിലാളികൾക്കും ഒറ്റയ്ക്ക് വീട്ടിൽ കഴിഞ്ഞവർക്കും ഭക്ഷണം എത്തിക്കുന്നതിനായി തയ്യാറാക്കിയ കമ്മ്യൂണിറ്റി കിച്ചനും കോവിഡ് രോഗികളെ കിടത്തി ചികിത്സിക്കാനായി ഒരുക്കിയ ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളുമെല്ലാം ജനകീയമായി സജ്ജമാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ കാര്യക്ഷമമായി ഇടപെട്ടിട്ടുണ്ട്. ഇത് ഒരു ദുരന്തകാല വിലയിരുത്തൽ മാത്രമാണ്. എന്നാൽ അതിനപ്പുറം പരിശോധിക്കുമ്പോഴും കഴിഞ്ഞ 25 വർഷത്തിനിടയിൽ ശ്രദ്ധേയമായ ഒട്ടേറെ ഇടപെടലുകൾ നടത്താൻ ശേഷിയുള്ള ചെറിയ ജനാധിപത്യ യൂണിറ്റുകളായി ലോക്കൽ ഗവൺമെന്റുകൾ വളർന്നിട്ടുണ്ട് എന്നതിന് നിരവധി ഉദാഹരണങ്ങൾ കാണാൻ കഴിയും.

രണ്ട്, പ്രളയത്തെ അതിജീവിച്ച കേരളത്തിൽ നടപ്പിലാക്കേണ്ട പാരിസ്ഥിതിക പുനഃസ്ഥാപന പ്രവർത്തനങ്ങളെക്കുറിച്ചും ദുരന്തലഘൂകരണ പദ്ധതികളെക്കുറിച്ചും മാനിഫെസ്റ്റോകൾ വ്യക്തതയോടെ സംസാരിക്കുന്നതേയില്ല. പ്രകൃതിദുരന്തങ്ങളെ അതിജീവിക്കുന്നതിനുള്ള ശേഷി കൈവരിക്കുക എന്നത് കാലാവസ്ഥാ വ്യതിയാനത്തിന്റെ ഈ കാലത്ത് പ്രാദേശിക സർക്കാരുകളുടെ ഒരു പ്രധാന ദൗത്യമാണ്. എന്നാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിനാശകരമായ വികസനനയങ്ങൾക്ക് മുന്നിൽ നിസ്സഹായരായി നിൽക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളെയാണ് കേരളത്തിൽ കുറേക്കാലമായി കാണാൻ കഴിയുന്നത്. ഒരുവശത്ത് തദ്ദേശീയ ജനാധിപത്യ പ്രക്രിയയിൽ സക്രിയമായി ഇടപെടാനുള്ള ശേഷി കാണിക്കുമ്പോഴും മറ്റൊരു വശത്ത് ജനങ്ങളെ ഇപ്പോഴും ഭരണത്തിന് പുറത്തുനിർത്തുകയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ. പഞ്ചായത്തിന്റെ സമഗ്രമായ വികസന പ്രവർത്തനങ്ങളിൽ ഇടപെടാൻ കഴിയുന്നതരത്തിൽ ജനങ്ങളുടെ ഭരണപങ്കാളിത്ത വേദിയായി ഗ്രാമസഭകളെ മാറ്റിത്തീർക്കാൻ അധികാര വികേന്ദ്രീകരണ പ്രക്രിയയ്ക്ക് ഇനിയും കഴിഞ്ഞില്ല. നിയമനിർമ്മാണങ്ങളും പരിഷ്കരണങ്ങളും നടന്നാൽ മാത്രമേ അത് പൂർണ്ണമായും സാധ്യമാകൂ. ഒപ്പം ജനാധിപത്യത്തെ ശക്തിപ്പെടുത്തുക എന്നതിനെ ഒരു മുഖ്യ ദൗത്യമായിക്കാണാൻ രാഷ്ട്രീയകക്ഷികൾ സന്നദ്ധമാവുകയും വേണം. പക്ഷെ, ഈ ചർച്ചകൾക്ക് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ എവിടെയാണ് ഇടം? ■